പതിനാലാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5720 — 2/7/2019 ൽ മറുപടിക്ക്

## കല്ലാമം ക്ഷീരോല്പാദക സഹകരണ സംഘത്തിൽ ഐ.സി.ഡി.പി. ഉപകേന്ദ്രം

ചോദ്യം — മറുപടി

ശ്രീ.കെ.എസ്.ശബരീനാഥൻ : — അഡ്വ .കെ.രാജു
(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി).

| | | | |
|---|---|---|---|
| എ) | അരുവിക്കര നിയോജകമണ്ഡലത്തിലെ പൂവച്ചൽ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന കല്ലാമം ക്ഷീരോല്പാദക സഹകരണ സംഘത്തിൽ ഐ.സി.ഡി.പി. ഉപകേന്ദ്രം അനുവദിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്; ഇതുസംബന്ധിച്ച് മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറേറ്റിൽ നിന്നും ജില്ലാ മൃഗസംരക്ഷണ ഓഫീസർക്ക് നൽകിയ നിർദ്ദേശം പാലിച്ചിട്ടുണ്ടോ എന്നറിയിക്കാമോ; | | **എ) & ബി)** പത്തിൽ താഴെ ഇൻസെമിനേഷൻ നടക്കുന്ന ഐ.സി.ഡി.പി. സബ്സെന്ററുകൾ ഉണ്ടെങ്കിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അനുമതിയോടെ പൂവച്ചൽ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന കല്ലാമം ക്ഷീരോല്പാദക സംഘത്തിന്റെ വാടകരഹിത കെട്ടിടത്തിലേക്ക് മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടികൾ മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറുടെ നിർദേശപ്രകാരം തിരുവനന്തപുരം ജില്ലാ മൃഗസംരക്ഷണ ആഫീസർ സ്വീകരിച്ചു വരുന്നു |
| ബി) | ഇല്ലെങ്കിൽ പ്രവർത്തനരഹിതമായി കിടക്കുന്ന ഏതെങ്കിലും ഐ.സി.ഡി.പി. ഉപകേന്ദ്രങ്ങളിൽ ഒരെണ്ണം കല്ലാമം ക്ഷീരോല്പാദക സഹകരണ സംഘത്തിലേക്ക് മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടി ഉടൻ സ്വീകരിക്കുമോ; | | |
| സി) | ഐ.സി.ഡി.പി. ഉപകേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അനുമതി ആവശ്യമാണോ; എങ്കിൽ ആവശ്യമായ അനുവാദം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ എന്ന് വെളിപ്പെടുത്താമോ? | സി) | ആവശ്യമില്ല. |

സെക്ഷൻ ഓഫീസർ